**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സർക്കുലർ**

**നം. 42/2026/ധന** **തീയതി, തിരുവനന്തപുരം 31.07.2026**

വിഷയം: ധനകാര്യ വകുപ്പ് - ട്രഷറി മുഖേനയുള്ള റീഫണ്ട് പ്രോസസ് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. സ.ഉ (പി) നം. 307/2015/ധന തീയതി : 22.07.2015

2. സ.ഉ (പി) നം. 150/2025/ധന തീയതി : 12.12.2025

വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ ട്രഷറി മുഖേന **0070-60-118-99-00 RTI** ശീർഷകത്തിൽ അധികമായി ഒടുക്കു വരുത്തുന്ന ഫീസ് **1000/-** രൂപ എന്ന പരിധിക്കു വിധേയമായി തിരികെ നൽകുന്നതിനുള്ള അധികാരം **DDO** മാർക്ക് നൽകി റവന്യു റീഫണ്ടുകളിലെ ഡെലിഗേഷനിൽ ഭേദഗതി ചെയ്തുകൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. ടി സാഹചര്യത്തിൽ ട്രഷറി മുഖേനയുള്ള റീഫണ്ട് പ്രോസസ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

**എ)** **RTI** ശീർഷകത്തിൽ ഒടുക്കുന്ന വിവരാവകാശ നിയമപ്രകാരമുള്ള ഫീസുകളുടെ റീഫണ്ടിനുള്ള അപേക്ഷ തുക ഒടുക്കിയ ഓഫീസിൽ ഇടപാടുകാരൻ റീഫണ്ടിനുള്ള അപേക്ഷ **(online** അല്ലെങ്കിൽ **offline)** സമർപ്പിക്കുന്ന പക്ഷം അതാത് വകുപ്പുകൾക്ക് സ്വീകരിക്കാമെന്നും ശേഷം **12.12.2025** തീയതിയിലെ **GO(P) No. 150/2025/Fin** നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ ടി വകുപ്പിലെ **DDO** മാർ ക്ലെയിം പരിശോധിച്ച് റീഫണ്ട് ഓർഡർ പാസ്സാക്കേണ്ടതും ബില്ല് പാസ്സാക്കുന്ന മുറയ്ക്ക് ഇടപാടുകാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ആക്കേണ്ടതുമാണ്.

**ബി)** **Offline** ആയി സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിരിക്കുന്ന രേഖകളുടെ ആധികാരികത ബന്ധപ്പെട്ട ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

**സി)** **1000/-** രൂപ എന്ന പരിധി അധികരിക്കുന്ന റീഫണ്ട് അപേക്ഷകൾ സമർപ്പിക്കുന്ന പക്ഷം ആയതിന് സർക്കാരിൽ പൊതുഭരണ (ഏകോപന) വകുപ്പ് മുഖേന അനുമതി തേടേണ്ടതാണ്.

**ഡി)** റീഫണ്ട് സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുമ്പോൾ സൂചന 2 ഉത്തരവിലെ വ്യവസ്ഥകൾ കൂടി പാലിക്കേണ്ടതാണ്.

**ഇ)** മുകളിൽ പറഞ്ഞ ക്രമീകരണം സുഗമമാക്കുന്നതിന് ട്രഷറി ഡയറക്ടർ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**എഫ്)** ട്രഷറി കോഡിലെ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ പ്രത്യേകം പുറപ്പെടുവിക്കാവുന്നതാണ്.

ഇത് സംബന്ധിച്ച ആവശ്യമായ നിർദ്ദേശം എല്ലാ ഡി.ഡി.ഒ. മാർക്കും നൽകുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

**സുരേഷ് കുമാർ ഒ ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ വകുപ്പ് തലവൻമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
5. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖേന)
6. ധനകാര്യ (അക്കൗണ്ട്സ്-എ) വകുപ്പ്
7. പൊതുഭരണ (ഏകോപന) വകുപ്പ്
8. നോഡൽ ഓഫീസർ, **www.finance.kerala.gov.in**
9. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി **[E 2444730/എസ്.എൽ-1/37/2023-ധന]**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.